21/12/21

03/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 24(6)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.795/എസ്.ഐ.സി-ജി 5/2021**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സുജിത്ത്,
ശ്രീലക്ഷ്മി,
മൂങ്ങോട് പി.ഒ,
കുട്ടിക്കട, വർക്കല,
തിരുവനന്തപുരം – 695 144.** } **പരാതി ഹർജിക്കാരൻ**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സർവ്വെയും ഭൂരേഖയും വകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്,
തിരുവനന്തപുരം – 14.** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29/09/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 12/01/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 16/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/02/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 24/02/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 30/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സുജിത്ത്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക്

നാളിതുവരെ എതിർകകഷി മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും നിരവധി തവണ ടിയാൻ എതിർകക്ഷി ഓഫീസിൽ കയറിയിറങ്ങിയെന്നും എന്നിട്ടും മനപൂർവ്വം ടിയാന് മറുപടി നൽകാത്ത എതിർകക്ഷിക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 29.09.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ശ്രീ. ഷമീർ. ഇ (EMP ID.3655) സ്റ്റാഫ് മാനേജുമെന്റ് സിസ്റ്റത്തിന്റെ പകർപ്പും

2) ടിയാൻ സർവ്വീസിൽ പ്രവേശിച്ച തീയതിയും

3) ടിയാൻ തിരുവനന്തപുരം ജില്ലയിൽ എത്ര വർഷം വർക്കിംഗ് അറേഞ്ച്മെന്റ് ഉൾപ്പെടെ എത്ര വർഷം ജോലി നോക്കിയിട്ടുണ്ടെന്നും എന്നിങ്ങനെ 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരന്റെ 29.09.2020 ലെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 23.02.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ 29.09.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് 04.11.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും പരാതിക്കാരനോട് എതിർകക്ഷി ഓഫീസിൽ ഹാജരാകുന്നതിന് യാതൊരു നിർദ്ദേശവും നൽകിയിരുന്നില്ല എന്നും ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ടി ഓഫീസിൽ അനേകതവണ ചെന്നതുമൂലം സമയനഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടായിയെന്ന ടിയാന്റെ അപ്പീലിലെ ആരോപണം അടിസ്ഥാനരഹിതമാണെന്നും ടി ഓഫീസിൽ നിന്ന് 04.11.2020 ൽ മറുപടി നൽകിയിട്ടുള്ളതിനാൽ മറുപടി നൽകിയിട്ടില്ലെന്ന ടിയാന്റെ ആരോപണവും തെറ്റാണെന്നും പരാതിക്കാരന് നൽകിയ മറുപടിക്കെതിരായി ടിയാൻ ടി ഓഫീസിൽ അപ്പീൽ സമർപ്പിച്ചതായി കാണുന്നില്ല എന്നും ടിയാന്റെ അപേക്ഷയിലുള്ള വിലാസത്തിലാണ് ടിയാന് മറുപടി നൽകിയതെന്നും പ്രസ്തുത മറുപടി മടങ്ങി വന്നിട്ടില്ലാത്തിനാൽ ടിയാന് മറുപടി ലഭ്യമായതായി മനസ്സിലാക്കുന്നു എന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്നു ആരോപിച്ചാണ് പരാതിക്കാരൻ കമ്മീഷനിൽ പരാതി സമർപ്പിച്ചതായി കാണുന്നത്. 30.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ എതിർകക്ഷി പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതി ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാതിരിക്കുകയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരന് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ടിയാൻ നേരിട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. പരാതി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 04.11.2020 ൽ മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ് എന്നാണ് എതിർകക്ഷിയുടെ മൊഴിയിലും ടിയാന്റെ 23.02.2021 ലെ റിപ്പോർട്ടിലും പറയുന്നത്. എതിർകക്ഷിയുടെ മൊഴി തെളിയിക്കുന്നതിന് ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കുന്നതിന് എതിർകക്ഷിക്ക് ഹിയറിംഗിൽ നിർദ്ദേശം നൽകിയിരുന്നതും ആയത് എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. എന്നാൽ അപേക്ഷയിലെ ചോദ്യങ്ങൾക്ക് വ്യക്തമായി മറുപടി കൊടുത്തിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകത്ത് പരാതിക്കാരന്റെ ചോദ്യങ്ങൾക്ക് വ്യക്തമായി മറുപടി നൽകേണ്ടതും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION